# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30 (*361) ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കാൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഇ.എസ്.ഐ. പദ്ധതി പ്രകാരം തൊഴിലാളികൾക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിക്കുകയും ഫാർമസി ഔട്ട്ലെറ്റുകൾ പ്രവർത്തനമാരംഭിക്കുകയും ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയിൽ

രജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ തൊഴിലാളികൾക്കും ആശ്രിതർക്കും എംപാനൽ ചെയ്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കാൻ അനുമതി നൽകിയിട്ടുള്ളതുമാണ്.

4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകളും രണ്ടിടത്ത് ഹെമറ്റോളജി അനലൈസറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും മരുന്ന് കമ്പനികൾ യഥാസമയം വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബും പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ഐ.സി.യു.-വും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5

ഡയാലിസിസ് യൂണിറ്റും ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താനും തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്താനും നടപടി സ്വീകരിക്കുന്നതാണെന്നും പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെടുന്ന ഇ.എസ്.ഐ. അംഗങ്ങളായ രോഗികൾക്ക് ചികിത്സയും ഭക്ഷണവും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 42 ആശുപത്രികളെയും 8 ഡയഗ്നോസ്റ്റിക് സെന്ററുകളെയും എംപാനൽ ചെയ്തിട്ടുണ്ടെന്നും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകാത്ത പ്രദേശങ്ങളിൽ ആവശ്യാനുസരണം സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യാൻ ശ്രമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഓരോ ആശുപത്രികളിലും എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നും തൊഴിലാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ മൊബൈൽ സർവ്വീസ് നടത്തുന്ന കാര്യം ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും വയനാട്, ഇടുക്കി ജില്ലകളിൽ അനുവദിച്ച 4 ഡിസ്പെൻസറികൾ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക്

ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31 ( *362) <u>നൂതന ജലസേചന മാർഗ്ഗങ്ങൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി ദേശീയ ജലവികസന ഏജൻസി (NWDA)യുടെ നദീജലസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയതിലുള്ള കേരളത്തിന്റെ എതിർപ്പ് ജലശക്തി മന്ത്രാലയത്തെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ സമ്മതപ്രകാരമേ നദീ സംയോജന പദ്ധതികൾ നടപ്പിലാക്കുകയുള്ളൂവെന്ന് കേന്ദ്ര ജലമന്ത്രി ഉറപ്പു നൽകിയതായും അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-09-2019-ന് കൂടിയ കേരള, തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പമ്പ-അച്ചൻകോവിൽ പദ്ധതി അംഗീകരിക്കാൻ കഴിയില്ലെന്ന് തമിഴ്നാടിനെ അറിയിച്ചിട്ടുണ്ടെന്നും ടി പദ്ധതി നടപ്പിലാക്കാതിരിക്കാൻ സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, Institutional Strengthening, Project

Management എന്നീ 3 Component-കളും 16 ഡാമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡാമുകളെ സംബന്ധിച്ച് ഒരു ഡാറ്റാ ബാങ്ക് Dam Health And Rehabilitation Monitoring Application (DHARMA) എന്ന CWC-യുടെ പോർട്ടലിൽ തയ്യാറാക്കി വരുന്നുണ്ടെന്നും DRIP PHASE I-ൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്ന (പമ്പ, മംഗലം, കാരാപ്പുഴ) പ്രവൃത്തികളും ബാക്കി ഡാമുകളും ഉൾപ്പെടുത്തി 165.9 കോടി രൂപയുടെ പുനരുദ്ധാരണ പ്രൊപ്പോസലിന് Central Water Commission-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ജലസേചന സംവിധാനങ്ങളുടെ സ്ഥിതി വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ബഞ്ച് മാർക്കിംഗ് സംവിധാനം ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പാക്കാൻ കഴിയുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. ഡാമുകളിലും പുഴകളിലും അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണെന്നും പമ്പാ ഇറിഗേഷൻ പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ പ്രത്യേക പ്രോജക്ട് തയ്യാറാക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എസ്.ഡി.ആർ.എഫ്. (State Disaster Response Fund)-ൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതാണെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തടയണ

നിർമ്മാണം ആരംഭിക്കുന്നതാണെന്നും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ്ലൈനുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും കൃഷി വകുപ്പുമായി ആലോചിച്ച് ക്രോപ്പ് കലണ്ടർ തയ്യാറാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*363) <u>കായലുകളിലേയും നദികളിലേയും മാലിന്യ നിക്ഷേപം</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്ക് 3 വർഷം വരെ തടവും പരമാവധി 2 ലക്ഷം രൂപ പിഴയും ചുമത്താവുന്നതാണെന്നും ജലമലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകാൻ ജലസേചന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജലാശയങ്ങളുടെ സംരക്ഷണത്തിനായി ജലസേചനം, ഫിഷറീസ്, റവന്യൂ, ഇൻലാന്റ് നാവിഗേഷൻ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരികയാണ്. നദികൾക്ക് കുറുകെയുള്ള ജലസേചന വകുപ്പിന്റെ നിർമ്മിതികൾക്ക് സമീപം അടിഞ്ഞുകൂടിയ

എക്കൽ/മണൽ/മറ്റ് വസ്തുക്കൾ എന്നിവ മാറ്റുന്നതിനും നദികളിൽ അടിഞ്ഞുകൂടിയ മണൽ മാറ്റി അവയുടെ വാഹകശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനായി 'Room for Vembanad' എന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഖരമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ ജലസ്രോതസ്സുകളിലോ വലിച്ചെറിയുകയോ കുഴിച്ചുമൂടുകയോ ചെയ്താൽ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 5 വർഷം വരെ തടവോ, ഒരുലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ചുമത്തുന്നതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം ജലമലിനീകരണം നടത്തുന്നവർക്കെതിരെ ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിക്ക് 25,000/- രൂപവരെ പിഴ ചുമത്താൻ അധികാരമുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കായലുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യാൻ പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും പമ്പ ആക്ഷൻ പ്ലാൻ പുനരുജ്ജീവിപ്പിക്കുന്നതിനായി ഉന്നതതല യോഗം വിളിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4370 മുതൽ 4675 വരെയുള്ള ചോദ്യങ്ങളിൽ 147 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)